പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 209 — 18.12.2012-ൽ മറുപടിയ്ക്ക്

# സംസ്ഥാനത്തിനു പുറത്തു നിന്നുള്ള വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ഉപഭോക്താക്കൾക്ക് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിന് സംവിധാന മേർപ്പെടുത്താൻ ഉദ്ദേശിക്ക ന്നുണ്ടോ ; ഇതിൻെറ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. ഇലക്ട്രിസിറ്റി ആക്ട് 2003ന് വിധേയമായും, കേന്ദ്ര സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ ഉത്തരവുകൾക്ക് വിധേയമായും, സംസ്ഥാനത്തെ ഒരു മെഗാവാട്ടോ അതിൽ കൂടുതലോ വൈദ്യുതി ആവശ്യമുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് (HT, EHT) പുറത്തു നിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ഇതിന് 'ഓപ്പൺ അക്സസ്' സംവിധാനം എന്ന് പറയുന്നു. |
| (ബി) എവിടെ നിന്നെല്ലാമാണ് ഇങ്ങനെ വൈദ്യുതി വാങ്ങാൻ കഴിയുന്നത് ; | (ബി) ഓപ്പൺ അക്സസ് വഴി വൈദ്യുതി വാങ്ങാൻ താൽപര്യമുള്ള ഉപഭോക്താക്കൾക്ക്, വൈദ്യുതി വ്യാപാരികൾ വഴിയും, പവർ എക്സ്ചേഞ്ചുകൾ വഴിയും, ജനറേറ്റിംഗ് കമ്പനികളിൽ നിന്ന് നേരിട്ടും വൈദ്യുതി വാങ്ങുന്നതിന് നിയമം അനുവദിക്കുന്നുണ്ട്. |
| (സി) ഇതിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | (സി) ഒരു മെഗാവാട്ടിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താ ക്കൾക്കും വിതരണ ലൈസൻസികളിൽ നിന്ന് കിട്ടുന്ന വൈദ്യുതിയുടെ വിലയും, നിലവാരവും മെച്ചമല്ലെങ്കിലോ, വൈദ്യുതി യുടെ വില കമ്പോള വിലയേക്കാൾ ഉയർന്നതാ ണെന്നോ തോന്നുന്ന പക്ഷം അവരുടെ സ്വന്തം നിലയിൽ മറ്റ് മാർഗ്ഗങ്ങളിൽകൂടി ഓപ്പൺ അക്സസ് സ്വീകരിച്ച് വൈദ്യുതി വാങ്ങാനും ഉപയോഗിക്കാനും കഴിയും. കൂടാതെ വിതരണ ലൈസൻസികളും അവരുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതി നും നിലവാരമുള്ള വൈദ്യുതി കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് എത്തിക്കു |

ന്നതിന് ശ്രമിക്കുന്നതിനും ഓപ്പൺ അക്സസ് ലക്ഷ്യമിടുന്നു. ഇതിനു പുറമെ ഇലക്ട്രിസിറ്റി മേഖലയിൽ മത്സരം കൊണ്ടുവരുന്നതിനും, അതു വഴി ഇലക്ട്രിസിറ്റിയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനും, വില കുറയ്ക്കു ന്നതിനും ഓപ്പൺ അക്സസിനു ലക്ഷ്യമുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

(ഡി) ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 39, 42 എന്നീ വകുപ്പുകൾ അനുസരിച്ച് സംസ്ഥാന റഗുലേറ്ററി കമ്മീഷനുകൾ സംസ്ഥാനത്തെ ട്രാൻസ്മിഷൻ യൂട്ടിലിറ്റിയുടെ പ്രസരണ ലൈനുകളിൽകൂടിയും, ഡിസ്ട്രിബ്യൂഷൻ യൂട്ടിലിറ്റിയുടെ വിതരണ ലൈനുകളിൽ കൂടിയും, വിതരണ ലൈസൻസിയിൽ നിന്നും ഒരു മെഗാവാട്ടിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ അവർ ആവശ്യപ്പെടുന്ന പക്ഷം പുറത്തുനിന്നും വൈദ്യുതി വാങ്ങി ഉപയോഗിക്കുന്നതിന് 'ഓപ്പൺ അക്സസ്" അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 'ഓപ്പൺ അക്സസ്" അനുവദിക്കുന്നതിന് 2005-ൽ തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഇതു സംബന്ധിച്ച റെഗുലേഷൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇപ്രകാരം ഓപ്പൺ അക്സസ് ഉപയോഗിക്കുന്ന ഉപഭോക്താക്കൾ നൽകേണ്ട ട്രാൻസ്മിഷൻ ചാർജ്ജ്, വീലിംഗ് ചാർജ്ജ്, ക്രോസ് സബ്സിഡി, സർചാർജ്ജ് എന്നിവ അംഗീകരിച്ചുകൊണ്ടും, റെഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്. കൂടാതെ ഓപ്പൺ അക്സസ് നൽകുന്നതു സംബന്ധിച്ചുള്ള വിശദമായ നിയമാവലിയുടെ ഡ്രാഫ്റ്റ് 2012 നവംബർ 30ന് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഓപ്പൺ അക്സസ് അനുവദിക്കുന്നതിനുള്ള ബോർഡിന്റെ സമ്മതം ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വന്ന ഉപഭോക്താക്കളെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.